‘ഭരണഭാഷ-മാതൃഭാഷ’

നം.1115/പ്രോജക്ട്/2019/ന്യൂ.ക്ഷേ.ഡ

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്,
നാലാം നില, വികാസ് ഭവൻ
തിരുവനന്തപുരം, തീയതി: 09.08.2019
ടെലിഫാക്സ്: 0471-2300523,24,2302090
ഇമെയിൽ- *director.mwd@gmail.com*
വെബ്സൈറ്റ്- *www.minoritywelfare.kerala.gov.in*

# ടെണ്ടർ നോട്ടീസ്

കേരള സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് താഴെ ചേർത്തിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരം കൈപ്പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു.

Size: $^1/8^{th}$ Demy, Multi colour, inside 96 pages 100 gsm art paper, cover page 220gsm art paper, perfect binding.

**(അടങ്കൽ തുക - 2 ലക്ഷം രൂപ)**

മേൽപ്പറഞ്ഞ പുസ്തകം 10,000 വീതം അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നിരക്കുകൾ പ്രത്യേകം രേഖപ്പെടുത്തണം. ഇ.എം.ഡി 2000/- രൂപ, കൈപ്പുസ്തകത്തിന്റെ മാതൃക ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ വികാസ് ഭവനിലെ കാര്യാലയത്തിൽ ലഭിക്കും. **കൂടുതൽ വിവരങ്ങൾക്ക് www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ കാണുക**

**ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി :- 2019 ആഗസ്റ്റ് 26 ഉച്ചയ്ക്ക് 2 മണി**

**ടെണ്ടർ തുറക്കുന്ന തീയതി :- 2019 ആഗസ്റ്റ് 26വൈകിട്ട് 4 മണി**

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക- 0471-2300523,524,2302090**

**കേരള സർക്കാർ**
**ന്യൂനപക്ഷക്ഷേമ വകുപ്പ്**
**വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം- 695 033**

## <u>വകുപ്പിന്റെ കൈപ്പുസ്തകം അച്ചടിക്കുന്നതിനുള്ള ടെണ്ടർ</u>

| | | | |
|---|---|---|---|
| കരാറുകാരന്റെ പേരും മേൽ വിലാസവും | : | ........................................... | |
| | | ........................................... | |
| | | ............................................. | |
| | | ............................................. | |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | 26.08.2019 | ഉച്ചയ്ക്ക് 2 മണി |
| ടെണ്ടർ തുറക്കുന്ന തീയതി | : | 26.08.2019 | വൈകിട്ട് 4 മണി |

**കരാറുകാരൻ** **ഡയറക്ടർ**

നം.1115/പ്രോജക്ട്/2019/ന്യൂ.ക്ഷേ.ഡ തിരുവനന്തപുരം, തീയതി: 09.08.2019

# ടെണ്ടർ നോട്ടീസ്

കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| വർക്കിന്റെ പേര് | : | വകുപ്പിന്റെ കൈപ്പുസ്തകം 10,000 കോപ്പി അച്ചടിക്കുന്നതിന് |
| സ്പെസിഫിക്കേഷൻ | : | Size: 1/8 th Demy, Multi colour, inside 96 pages 100 gsm art paper, cover page 220gsm art paper, perfect binding. |
| അടങ്കൽ തുക | : | 2,00,000/- രൂപ |
| നിരതദ്രവ്യം | : | 2,000/- രൂപ |
| പൂർത്തീകരിക്കേണ്ട സമയം | : | 15 ദിവസം |
| ടെണ്ടർ ഫോറം വിൽക്കുന്ന അവസാന തീയതി | : | 26.08.2019 ഉച്ചയ്ക്ക് 12 മണി |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | 26.08.2019 ഉച്ചയ്ക്ക് 2 മണി |
| ടെണ്ടർ തുറക്കുന്ന തീയതി | : | 26.08.2019 വൈകിട്ട് 4 മണി |
| ടെണ്ടർ ഫോറത്തിന്റെ വില | : | 400+18% ജി.എസ്.ടി+ 1% സെസ് |

ടെണ്ടറിനോടൊപ്പം ടെണ്ടർ ഫോമിന്റെ വില ഒടുക്കിയതിന്റെ രസീത് കൂടി ഹാജരാക്കേണ്ടതാണ്. ടെണ്ടർ ഫോറം വകുപ്പിന്റെ www.minoritywelfare.kerala.gov.in - വെബ്സൈറ്റിൽ നിന്നോ ഓഫീസിൽ നിന്നും നേരിട്ടോ ലഭിക്കുന്നതാണ്. ടെണ്ടർ ഫോമിന്റെ വില ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കുന്നതെങ്കിൽ വകുപ്പ് ഡയറക്ടറുടെ പേരിൽ മാറാവുന്ന (ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം- 695 033) 476/ രൂപയുടെ ഡി.ഡി.ആയിരിക്കണം ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടത്.

**ഡയറക്ടർ**
**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

**കരാറുകാരൻ**

# <u>വിശദമായ ടെണ്ടർ നോട്ടീസ്</u>

**1.1** കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ വകപ്പ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ കൈപ്പുസ്തകം 10,000 കോപ്പി അച്ചടിക്കുന്നതിന് മുദ്രവെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

**1.2** ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം- 695 033 എന്ന മേൽ വിലാസത്തിൽ 26.08.2019 ഉച്ചയ്ക്ക് 2 മണിക്ക് മുൻപ് ഡയറക്ടറേറ്റിൽ ലഭിക്കും വിധം ടെണ്ടറുകൾ ലഭ്യമാക്കണം. ടെണ്ടർ ലഭ്യമാക്കുന്ന കവറിനു മുകളിൽ **"ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റിന്റെ കൈപ്പുസ്തകം അച്ചടിക്കുന്നതിനുള്ള ടെണ്ടർ"** എന്ന് രേഖപ്പെടുത്തിയിരിക്കണം. കരാറുകരാന്റെയോ അവരുടെ പ്രതിനിധിയുടെയോ സാന്നിദ്ധ്യത്തിലായിരിക്കും ടെണ്ടറുകൾ തുറക്കുന്നത്.

**1.3** ടെണ്ടർ സ്വീകരിക്കാനും റദ്ദാക്കാനുമുള്ള അധികാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

**1.4** **<u>നിരതദ്രവ്യം</u>** : ഓരോ ടെണ്ടറിനോടൊപ്പവും ആകെ അടങ്കൽ തുകയുടെ 1% വരുന്ന തുകയുടെ നിരതദ്രവ്യം വകുപ്പ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയിരിക്കണം. നിരതദ്രവ്യം ഒടുക്കാത്ത ടെണ്ടറുകൾ പരിഗണിക്കുന്നതല്ല.

**1.5** **<u>സെക്യൂരിറ്റി തുക</u>**: അംഗീകരിക്കുന്ന ടെണ്ടറിന്റെ കരാറുകാരൻ ഉറപ്പിച്ച ടെണ്ടർ തുകയുടെ 5% വരുന്ന തുക അറിയിപ്പ് കിട്ടി / വർക്ക് ഓർഡർ നൽകുന്നതിന് 5 ദിവസത്തിനുള്ളിൽ ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ പേരിൽ സെക്യൂരിറ്റി തുകയായി ഒടുക്കേണ്ടതും ഫൈനൽ സെറ്റിൽമെന്റ് നടത്തുന്നതോടൊപ്പം ടി തുക തിരിച്ച് നൽകുന്നതുമാണ്.

**1.6** നിരതദ്രവ്യത്തിനോ, സെക്യൂരിറ്റി തുകയ്ക്കോ യാതാരു പലിശയും നൽകുന്നതല്ല.

**1.7** തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരനുമായുള്ള കരാർ ഉടമ്പടി പൂർത്തീകരിച്ച ശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

## <u>ടെണ്ടർ തുകയും കാലാവധിയും</u>

**2.1** ടെണ്ടറിൽ ക്വാട്ട് ചെയ്യുന്ന തുക അക്ഷരത്തിലും അക്കത്തിലും വ്യക്തമായി കാണിച്ചിരിക്കണം. എന്തെങ്കിലും തിരുത്തലുകൾ ഉള്ള പക്ഷം അതിന് മുകളിൽ തീയതി അടക്കമുള്ള ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അപ്രകാരം ക്വാട്ട് ചെയ്യുന്ന തുകയുമായി ബന്ധപ്പെട്ട് അവ്യക്തത ഉണ്ടായാൽ കുറവായ തുകയേ പരിഗണിക്കുകയുള്ളൂ.

**കരാറുകാരൻ** **ഡയറക്ടർ**

**2.2** ടെണ്ടറുകൾ തുറക്കുന്നതു മുതൽ 15 ദിവസത്തെ കാലാവധി മാത്രമാണ് സ്വീകാര്യമായുള്ളത്. മുകളിൽ പറഞ്ഞ കാലാവധിക്ക് മുമ്പ് വകുപ്പ് ഡയറക്ടറുടെ അനുമതി ഇല്ലാതെ ടെണ്ടറുകൾ റദ്ദ് ചെയ്യുവാനോ മടക്കി വിളിക്കുവാനോ കരാറുകാരന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**പൂർത്തീകരണ സമയം**

**3.1** വർക്ക് അനുവദിച്ച് 15 ദിവസത്തിനുള്ളിൽ കരാർ ഉടമ്പടി പ്രകാരം വർക്കുകൾ പൂർത്തീകരിക്കേണ്ടതാണ്.

**കരാർ ഉടമ്പടി റദ്ദ് ചെയ്ത് പകരം സംവിധാനം ഏർപ്പെടുത്തൽ**

**4.1** കരാർ ഉടമ്പടി ഒപ്പ് വെച്ച് കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ വർക്ക് പൂർത്തീകരിക്കാത്ത പക്ഷം (15 ദിവസത്തിനുള്ളിൽ) യാതൊരു മുന്നറിയിപ്പും നിയമനടപടിയും കൂടാതെ കരാറുകാരനെ ഒഴിവാക്കുന്നതും പകരം സംവിധാനത്തിലൂടെ വർക്ക് പൂർത്തീകരിക്കുന്നതിനും ന്യൂനപക്ഷക്ഷേമ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കും. ഇതിലൂടെ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

**കൈപ്പുസ്തകം അച്ചടിക്കുന്നതിനുള്ള സ്പെസിഫിക്കേഷൻ**

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | **കൈപ്പുസ്തകം**<br>Size: $^{1}/8^{th}$ Demy, Multi colour, inside 96 pages 100gsm art paper, cover page 220gsm art paper, perfect binding. | **10,000** |

**കരാറുകാരൻ** **ഡയറക്ടർ**